## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 814 — 11-6-2014-ൽ മറുപടിക്ക്

### ചേർത്തല മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ. | | ഉത്തരം<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ജോലികൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ജപ്പാൻ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയുടെ ജോലികൾ ചേർത്തല നിയോജകമണ്ഡലം ഉൾപ്പെടുന്ന ചേർത്തല താലൂക്കിൽ പൂർത്തിയായിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ എത്ര ഗാർഹിക കണക്ഷനുകൾ പുതുതായി നൽകി എന്നു വ്യക്തമാക്കുമോ; | (ബി) | 15839 ഗാർഹിക കണക്ഷനുകൾ പുതുതായി നൽകിയിട്ടുണ്ട്. |
| (സി) | ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചപ്പോൾ നല്കുവാൻ മുൻപ് തീരുമാനിച്ചിരുന്ന കുടിവെള്ള കണക്ഷനുകൾ പൂർണ്ണമായും നൽകാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) യും (ഡി) യും | ഇല്ല; 50000 കണക്ഷനുകൾ നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. ഇതിൽ 15839 കണക്ഷനുകൾ നൽകിയിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന വാട്ടർ കണക്ഷനുകൾ നൽകുവാൻ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ഡി) | ഈ ലക്ഷ്യം നേടാൻ ഇനിയും എത്ര കണക്ഷനുകൾ നൽകണമെന്ന് അറിയിക്കുമോ; ബാക്കി കണക്ഷനുകൾ എന്നത്തേക്ക് നൽകാനാവുമെന്ന് അറിയിക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ